REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 16-01-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ബഹിരാകാശ പേടകങ്ങളുടെ കൂട്ടിച്ചേർക്കൽ വിജയകരമായി പൂർത്തിയാക്കി ISRO പുതു ചരിത്രം കുറിച്ചു. നേട്ടത്തെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.
- മലയാളിയായ ജസ്റ്റിസ് K വിനോദ് ചന്ദ്രൻ സുപ്രീം കോടതി ജഡ്ജിയായി സത്യപ്രതിജ്ഞ ചെയ്തു .
- ഗാസ വെടി നിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് ഇന്ത്യ.
- കൊച്ചി ഡയലോഗ് 2025-ന്റെ ആദ്യ പതിപ്പ് വൈകിട്ട് വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഉദ്ഘാടനം ചെയ്യും.
- നെയ്യാറ്റിൻകര സ്വദേശി ഗോപൻ സ്വാമിയുടെ കല്ലറ പൊലീസ് തുറന്നു. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് മാറ്റി.
- ISL ഫുട്ബോളിൽ വൈകീട്ട് പഞ്ചാബ് FC, മുംബൈ സിറ്റിയെ നേരിടും.

## വാർത്തകൾ വിശദമായി

**സ്പാഡെക്സ് ദൗത്യത്തിനു കീഴിൽ ബഹിരാകാശ പേടകങ്ങളുടെ കൂട്ടിച്ചേർക്കൽ ISRO വിജയകരമായി പൂർത്തിയാക്കി. ബഹിരാകാശ രംഗത്ത് ISRO യുടെ മറ്റൊരു ചരിത്രനേട്ടമാണിത്. രാവിലെയാണ് കഴിഞ്ഞ മാസം 30 ന് ബഹിരാകാശത്തെത്തിയ ഇരട്ട ഉപഗ്രഹങ്ങളായ ചേസറും, ടാർഗറ്റും കൂട്ടിച്ചേർത്തത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

....(വോയ്സ്).......

വിക്ഷേപണത്തിനു ശേഷം നാലാം പരിശ്രമത്തിലാണ് ഉപഗ്രഹങ്ങൾ ബഹിരാകാശത്ത് കൂട്ടിച്ചേർക്കാൻ ISRO യ്ക്ക് കഴിഞ്ഞത്. ഇന്ത്യ ഈ ദൗത്യത്തിന് നൽകിയ പേരാണ് സ്പെയ്ഡെക്സ് അഥവാ സ്പെയ്സ് ഡോക്കിങ് എക്സ്പിരിമെന്റ്. ഇന്ത്യയുടെ ഭാവി ബഹിരാകാശദൗത്യങ്ങളിൽ നിർണായകമാണ് ഈ ദൗത്യം. ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയമായ ഭാരതീയ അന്തരീക്ഷ സ്റ്റേഷനുൾപ്പെടെ പദ്ധതികൾക്ക് ഒഴിച്ചു കൂടാനാവാത്ത സാങ്കേതിക വിദ്യയാണ് ISRO യ്ക്ക് സ്പേസ് ഡോക്കിംഗ്.

ബഹിരാകാശത്ത് ഡോക്കിംഗ് സാധ്യമായതോടെ US, റഷ്യ, ചൈന എന്നീ രാജ്യങ്ങൾക്ക് പിന്നാലെ ഈ സാങ്കേതിക വിദ്യ കൈവരിക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറി.

✪✪✪

ISRO കൈവരിച്ച നേട്ടത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രശംസിച്ചു. ഉപഗ്രഹങ്ങളുടെ ബഹിരാകാശ ഡോക്കിംഗ് വിജയകരമായി പൂർത്തിയാക്കിയ ISRO യിലെ മുഴുവൻ ശാസ്ത്രജ്ഞരെയും അദ്ദേഹം അഭിനന്ദിച്ചു. വരും വർഷങ്ങളിൽ രാജ്യത്തിന്റെ സ്വപ്നമായ ബഹിരാകാശ ദൗത്യങ്ങളുടെ ചുവടുവെപ്പാണിതെന്ന് മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

നേട്ടം അവിശ്വസനീയമാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു. തികച്ചും തദ്ദേശീയമായ ഡോക്കിംഗ് സംവിധാനമാണിതെന്നും ചന്ദ്രയാൻ-4, ഗഗൻയാൻ എന്നിവയുൾപ്പെടെ ഭാവി ദൗത്യങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഡോക്കിംഗ് വഴിയൊരുക്കുമെന്നും ജിതേന്ദ്രസിംഗ് അറിയിച്ചു.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ പ്രധാന പദ്ധതിയായ സ്റ്റാർട്ടപ്പ് ഇന്ത്യക്ക് ഇന്ന് ഒൻപത് വർഷം പൂർത്തിയായി. സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി ശക്തമായ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ നിർമ്മിക്കുന്നതിനും ജോലി തേടുന്നവരിൽ നിന്ന് ജോലി സൃഷ്ടിക്കുന്നവരായി ഇന്ത്യയെ മാറ്റുന്നതിനും നിരവധി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഒന്നര ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകളുമായി ഇന്ത്യ ഇന്ന് ലോകത്തെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി മാറിക്കഴിഞ്ഞു.

ഒൻപത് വർഷത്തിനിടെ രാജ്യത്തെ അസംഖ്യം യുവാക്കളെ ശാക്തീകരിക്കുകയും അവരുടെ നൂതന ആശയങ്ങളെ വിജയകരമായ സ്റ്റാർട്ടപ്പുകളാക്കി മാറ്റാനും കഴിഞ്ഞെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

**ഏഴ് കോടി രൂപ സംയോജിത സമ്മാനത്തുകയോടെ ഇലക്ട്രോണിക്സ് & ഐടി മന്ത്രാലയം സൈബർ സുരക്ഷ ഗ്രാൻഡ് ചലഞ്ച് 2.0 ന് തുടക്കമിട്ടു. രാജ്യത്തിന്റെ സൈബർ സുരക്ഷാ കഴിവുകൾ ശക്തിപ്പെടുത്തുകയും പ്രധാന മേഖലകളിൽ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. കൂടുതൽ സുരക്ഷിതമായ ഡിജിറ്റൽ ഭാവിക്ക് പദ്ധതി വഴിയൊരുക്കും.**

**ഗ്രാൻഡ് ചലഞ്ചിൽ പങ്കെടുക്കാൻ സ്റ്റാർട്ട് അപ്പുകളെയും നൂതന ആശയക്കാരെയും മന്ത്രാലയം ക്ഷണിച്ചു. എപിഐ സുരക്ഷ, ഡാറ്റ സുരക്ഷ, വെയറബിൾ ഉപകരണ സുരക്ഷ തുടങ്ങി ആറ് വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് പരിഹാരങ്ങൾ നിർദേശിക്കേണ്ടത്.**

✪✪✪

**മലയാളിയായ ജസ്റ്റിസ് K വിനോദ് ചന്ദ്രൻ സുപ്രീം കോടതി ജഡ്ജിയായി സത്യപ്രതിജ്ഞ ചെയ്തു . ചീഫ് ജസ്റ്റിസ് സഞ്ജയ് ഖന്ന അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു.**

**എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ സ്വദേശിയാണ് ജസ്റ്റിസ് വിനോദ് ചന്ദ്രൻ.**

**സുപ്രീം കോടതി ബെഞ്ചിൽ കേരള ഹൈക്കോടതിയിൽ നിന്ന് പ്രാതിനിധ്യമില്ലെന്ന വസ്തുത പരിഗണിച്ചാണ് കൊളീജിയം അദ്ദേഹത്തെ ജഡ്ജിയാക്കാൻ ശുപാർശ ചെയ്തത്. ബാങ്ക് ജീവനക്കാരനായിരിക്കെ തിരുവനന്തപുരത്തെ കേരള ലോ അക്കാദമി ലോ കോളേജിൽ നിന്ന് നിയമ ബിരുദം നേടിയ അദ്ദേഹം 1991 ൽ ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു.**

**2011 നവംബറിൽ ഹൈക്കോടതി ജഡ്ജിയായി നിയമിതനായ ജസ്റ്റിസ് വിനോദ് ചന്ദ്രൻ, 2023 മാർച്ച് 29-നാണ് പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസായത്.**

**2007 മുതൽ 2011 വരെ കേരള ഗവൺമെന്റിന്റെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.**

✪✪✪

**ഗാസ വെടിനിർത്തൽ കരാറും ബന്ദികളെ മോചിപ്പിക്കുന്ന കരാറും അംഗീകരിച്ചതിനെ ഇന്ത്യ സ്വാഗതം ചെയ്തു. ഗാസയിലെ ജനങ്ങൾക്ക് സുരക്ഷിതവും സുസ്ഥിരവുമായ മാനുഷിക സഹായം എത്തിക്കാൻ ഇത് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.**

ഒരു വർഷത്തിലധികം നീണ്ട സംഘർഷങ്ങൾക്ക് ഒടുവിലാണ് ഇസ്രായേലും ഹമാസും ഗാസ വെടിനിർത്തൽ കരാറും ബന്ദികളെ മോചിപ്പിക്കുന്നതിനു കരാറും അംഗീകരിച്ചത്. ഖത്തർ പ്രധാനമന്ത്രി മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ അൽ-താനിയുമായി നടത്തിയ കൂടിക്കാഴ്ചകൾക്ക് ശേഷമായിരുന്നു ഇരുവിഭാഗവും കരാർ അംഗീകരിച്ചത്. ഞായറാഴ്ച നിലവിൽ വരുന്ന കരാർ 42 ദിവസം നീണ്ടുനിൽക്കും.

✪✪✪

കൊച്ചി ഡയലോഗ് 2025ന്റെ ആദ്യ പതിപ്പ് വൈകിട്ട് കൊച്ചിയിൽ വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഉദ്ഘാടനം ചെയ്യും. വിദേശകാര്യ മന്ത്രാലയത്തിന്റെയും കൊച്ചിയിലെ സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ച്ന്റെയും സംയുക്താഭിമുഖ്യത്തിലാണ് കൊച്ചി ഡയലോഗ് സംഘടിപ്പിക്കുന്നത്.

ഇന്ത്യയും GCC രാജ്യങ്ങളും തമ്മിലെ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് നയ രൂപീകരണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നവരും, നയതന്ത്രജ്ഞരും വ്യവസായ പ്രമുഖരും, മറ്റും രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും.

ഗൾഫ് കോപ്പറേഷൻ കൗൺസിൽ സെക്രട്ടറി ജനറൽ ജാസിം മുഹമ്മദ് അൽ ബുദൈവി പ്രത്യേക പ്രഭാഷണം നടത്തും.

വാണിജ്യം, നിക്ഷേപങ്ങൾ, സമുദ്ര സുരക്ഷ സഹകരണം, ഊർജ സഹകരണം, പ്രവാസി സമൂഹത്തിന്റെ സംഭാവനകൾ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഡയലോഗിൽ ചർച്ചയാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഞായറാഴ്ച പ്രക്ഷേപണം ചെയ്യും. മൻകി ബാത്തിന്റെ 118-ാം പതിപ്പിലേക്ക് ജനങ്ങളുടെ ആശയങ്ങളും നിർദേശങ്ങളും my gov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ നാളെ വരെ പങ്കുവയ്ക്കാം.

✪✪✪

ഹോളിവുഡ് താരം സെയ്ഫ് അലിഖാന് കുത്തേറ്റതായി മാധ്യമറിപ്പോർട്ടുകൾ. മുംബൈ ബാന്ദ്രയിലെ വസതിയിൽ മോഷണ ശ്രമം തടയുന്നതിനിടെയാണ് പുലർച്ചെ കുത്തേറ്റത് .

✪✪✪

നെയ്യാറ്റിൻകര സ്വദേശിയായ ഗോപൻ സ്വാമിയുടെ കല്ലറ  പൊലീസ് തുറന്നു. ഹൈക്കോടതി അനുമതി നൽകിയതിന് പിന്നാലെയായിരുന്നു കല്ലറ തുറന്ന് മൃതദേഹം പുറത്തെടുത്തത്. ഇൻക്വസ്റ്റ് നടപടി പൂർത്തിയാക്കി  മൃതദേഹം തിരുവനന്തപുരം മെഡിക്കൽകോളേജിലേക്ക് പോസ്റ്റുമോർട്ടത്തിനായി കൊണ്ടുപോയി. ഫോറൻസിക് വിദഗ്ധർ, RDO, സബ്കലക്ടർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു നടപടികൾ. സ്ഥലത്ത് കനത്ത പൊലീസ് സുരക്ഷ ഒരുക്കിയിരുന്നു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് വൈകീട്ട് 7:30 ന് ന്യൂഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പഞ്ചാബ് FC, മുംബൈ സിറ്റിയെ നേരിടും.

ഇന്നലെ  മുഹമ്മദൻ SC ചെന്നൈയിൻ FC മത്സരം സമനിലയിൽ പിരിഞ്ഞു. കൊൽക്കത്തയിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും രണ്ട് വീതം ഗോൾ നേടി.

✪✪✪

ലക്ഷദ്വീപിൽ, സുഹേലി ദ്വീപിന് സമീപം സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേരുമായി കാണാതായ മത്സ്യബന്ധന ബോട്ട്  ഇന്ത്യൻ കോസ്റ്റ് ഗാർഡ് കപ്പൽ രക്ഷപ്പെടുത്തി. കവരത്തിയിൽ നിന്ന് സുഹേലി ദ്വീപിലേക്ക് തീർത്ഥാടനത്തിന് പോയവരായിരുന്നു ബോട്ടിലുണ്ടായിരുന്നത്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനിൽ നിന്നു  ദുരന്ത കോൾ ലഭിച്ചതിനെ തുടർന്ന് തിരച്ചിൽ നടത്തിയ തീരസംരക്ഷണസേന  തീര നിരീക്ഷണ സംവിധാനം വഴി ബോട്ട് കണ്ടെത്തുകയായിരുന്നു. 22 സ്ത്രീകളും 23 കുട്ടികളും 9 പുരുഷന്മാരും മൂന്ന് ജീവനക്കാരും ഉൾപ്പെടെ ബോട്ടിലുണ്ടായിരുന്ന 54 പേരെയും രക്ഷപ്പെടുത്തി കവരത്തിയിലേക്ക് കൊണ്ടുപോയി.

✪✪✪

ജലസേചന വകുപ്പും പാലക്കാട്  ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന മലമ്പുഴ ഉദ്യാനത്തിലെ പുഷ്പോത്സവത്തിന് തുടക്കമായി.

ആകാശവാണി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്.

..........(വോയ്സ്)...........

നാല്പതിലധികം ഇനങ്ങളിലുള്ള ഒന്നരലക്ഷത്തോളം പൂക്കളാണ് ഉദ്യാനത്തിൽ സഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്നത്.അഴകും വർണ്ണ വൈവിധ്യങ്ങളും കൊണ്ട് ശ്രദ്ധേയമായ ചെണ്ടുമല്ലി പൂക്കളാണ് പുഷ്പോത്സവത്തിന്റെ പ്രധാന ആകർഷണം. സഞ്ചാരികൾക്ക് പൂച്ചെടികൾ വാങ്ങാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.ഇതിനു പുറമെ ഗോത്രവിഭവങ്ങൾ അടക്കം

പാലക്കാടിന്റെ തനത് രുചികൾ പരിചയപ്പെടുത്തുന്ന ഭക്ഷ്യമേളയും ഒരുക്കിയിട്ടുണ്ട്.ഈ മാസം 22 വരെ നീളുന്ന പുഷ്പോത്സവത്തിൽ രാവിലെ 9 മണിമുതൽ രാത്രി 8 മണിവരെയാണ് പ്രവേശനം. പുഷ്പോത്സവത്തിന്റെ ഉത്ഘാടനം രാവിലെ എ.പ്രഭാകരൻ എം.എൽ.എ നിർവഹിച്ചു.

✪✪✪

കണ്ണൂർ ഇരിക്കൂർ നിയമസഭാ മണ്ഡലത്തിലെ കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് മൂന്ന് ദിവസമായി ആലക്കോട് നടന്നുവരുന്ന അഗ്രി ഫെസ്റ്റ് - കർഷകസംഗമം ഇന്ന് സമാപിക്കും. വൈകിട്ട് സമാപന സമ്മേളനം മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും

✪✪✪

പൂർണ്ണമായും ജൈവികമായി നിർമാർജനം ചെയ്യാവുന്ന ഹരിത കുപ്പികളിൽ ശുദ്ധജലം വിതരണം ചെയ്യാൻ തയ്യാറെടുത്ത് ഗവൺമെന്റ് കുപ്പി വെള്ളമായ ഹില്ലി അക്വ.

ചോളം, കരിമ്പ് എന്നിവയുടെ പശയിൽ നിന്നാണ് ഹരിത കുപ്പികൾ ഉൽപ്പാദിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

........(വോയ്സ്).................

ഹില്ലി അക്വ പ്ലാന്റിൽ നിലവിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾക്ക് പകരമാണ് പുതിയ രീതി പരീക്ഷിക്കുന്നത്. ഇതിനായി ബയോ ഡീഗ്രേഡബിൾ ബോട്ടിൽ പദ്ധതി പരീക്ഷണഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ നടക്കുന്ന വിവിധ പരിശോധനകൾക്ക് ശേഷമേ ഹരിത കുപ്പികൾ വിപണിയിലെത്തിക്കുന്നത് ഉറപ്പിക്കൂ. ഒരാഴ്ചയ്ക്കകം പദ്ധതി അന്തിമ രൂപത്തിലെത്തുമെന്നാണ് പ്രതീക്ഷയെന്ന് അധികൃതർ പറഞ്ഞു.

പ്രായോഗികമായാൽ രാജ്യത്ത് ആദ്യമായി സർക്കാർ തലത്തിൽ ഹരിത കുപ്പികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് ഹില്ലി അക്വ ആയിരിക്കും.

✪✪✪

പുൽപ്പള്ളി മേഖലയിൽ ഭീതി പരത്തുന്ന കടുവയെ പിടികൂടാൻ വനംവകുപ്പിന്റെ ശ്രമം തുടരുന്നു. തൂപ്ര അങ്കണവാടി പരിസരം കേന്ദ്രീകരിച്ചാണ് RRT അംഗങ്ങളുടെ സഹായത്തോടെ പരിശോധന നടത്തുന്നത്. നാട്ടുകാരിൽ ചിലർ പ്രദേശത്ത് കടുവയുടെ സാന്നിധ്യം തിരിച്ചറിഞ്ഞിട്ടുണ്ട്. കടുവയെ കണ്ടാലുടൻ മയക്കുവെടി വെക്കുമെന്ന്

വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. പത്തു ദിവസത്തിനിടെ അഞ്ച് ആടുകളെയാണ് കടുവ കൊന്നത്.

✪✪✪

കോഴിക്കോട് വളയത്ത് സൈനികനെ മരിച്ച നിലയിൽ കണ്ടെത്തി. വളയം സ്വദേശി സനൽകുമാറിനെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

✪✪✪

തൃശൂർ രാമവർമ്മപുരം ചിൽഡ്രൻസ് ഹോമിൽ 15 കാരൻ 17 കാരനെ ചുറ്റിക കൊണ്ട് തലയ്ക്കടിച്ചു കൊന്നു. ഇരിങ്ങാലക്കുട സ്വദേശി അഭിഷേക് ആണ് മരിച്ചത്. രാവിലെയായിരുന്നു സംഭവം.

✪✪✪

ആലപ്പുഴ പാണാവള്ളിയിൽ പ്രഭാത നടത്തത്തിനിടെ സ്വകാര്യ ബസിടിച്ച് കോൺഗ്രസ് നേതാവ് മരിച്ചു. ജില്ലാ കോൺഗ്രസ് കമ്മിറ്റി എക്സിക്യൂട്ടീവ് അംഗം M.R.രവിയാണ് മരിച്ചത് .

✪✪✪

കണ്ണൂർ കണ്ണവം വനമേഖലയിൽ രണ്ടാഴ്ച മുൻപ് കാണാതായ ആദിവാസി യുവതിക്കായി തെരച്ചിൽ പുനരാരംഭിച്ചു. തിരച്ചിൽ സജീവമാക്കാൻ കെ.പി.മോഹനൻ MLA യുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന അവലോകന യോഗം തീരുമാനിച്ചിരുന്നു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*Casual News Reader: ശരണ്യ രാജൻ*
*Standby: ഹക്കീം കൂട്ടായി*
*DEO: ഷീബ*